(സി) അതിന്റെ അടിസ്ഥാനത്തിലാണോ തുടർന്ന് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും മറ്റ് പൊതു തെരഞ്ഞെടുപ്പുകളിലേക്കും വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകളിൽ അവസാനമായി കിൻകിനിയൻ റിവിഷൻ നടന്നത് ഏത് വർഷമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) അഞ്ചു വർഷത്തിലൊരിക്കൽ റിവിഷൻ നടത്തണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ റിവിഷൻ താമസിച്ചിട്ടുള്ളതിന്റെ കാരണം അറിയിക്കുമോ;

(ജി) അതുമൂലം പഞ്ചായത്തുകൾക്ക് എന്തുതുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എച്ച്) അടുത്ത് നടക്കാനിരിക്കുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെങ്കിലും ഇപ്പോൾ നടക്കുന്ന വാർഡ് വിഭജനം അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് വീടുകൾക്ക് പുതുതായി നമ്പരിട്ട് അസസ്മെന്റ് രജിസ്റ്ററുകൾ തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) 1994-ൽ.

(ബി) ഉണ്ട്.

(സി) അതെ.

(ഡി) 1992-93 സാമ്പത്തിക വർഷം.

(ഇ) ഇല്ല.

(എഫ്) സംസ്ഥാന സർക്കാർ നിയോഗിച്ച പഞ്ചായത്ത് ധനകാര്യ കമ്മീഷൻ നിലവിലുള്ള കെട്ടിട നികുതി ചട്ടങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിന് ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കെട്ടിട നികുതി പുനർനിർണ്ണയം ഓരോ നാലു വർഷത്തിലും നടത്തണമെന്നും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രധാന്യം, കെട്ടിടത്തിന്റെ ഘടന, ഏരിയാ എന്നിവ കണക്കിലെടുത്ത് കെട്ടിട നികുതി നിർണ്ണയം നടത്തണമെന്നുള്ള കമ്മീഷന്റെ നിർദ്ദേശം കാബിനറ്റ് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 26.2.98 ലെ 52973/എൽ2/97/തദ്വേ. നമ്പർ സർക്കുലർ പ്രകാരം 1.4.98 മുതൽ നടത്തേണ്ട പഞ്ചവാർഷിക കെട്ടിട നികുതി നിർണ്ണയം, ഇതു സംബന്ധിച്ച നിയമഭേദഗതി നിലവിൽ വരുന്നതുവരെ നീട്ടിവയ്ക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) നഷ്ടം കണക്കാക്കിയിട്ടില്ല.

(എച്ച്) നടപടികൾ സ്വീകരിച്ചുവരുന്നു.

13 (*433) തണൽ പദ്ധതി പ്രകാരം വേന നിർമ്മാണം

ശ്രീ. എം. മുരളി :
ശ്രീ. ഡൊമനിക്ക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണൽ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നത് എപ്രകാരം ആണെന്ന് വിശദീകരിക്കുമോ;

(ബി) കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗുണഭോക്താവ്, വോളന്ററി സംഘടനകൾ തുടങ്ങിയവർ ഈ പദ്ധതിയിലേയ്ക്ക് എത്ര രൂപ വീതമാണ് നൽകേണ്ടത്;

(സി) ഒരു വീടിന് അനുവദിക്കുന്ന തുക എത്രയാണ്;

(ഡി) ഈ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ)&(ബി) 1999-2000 വർഷത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 'തണൽ' ഭവനപദ്ധതിയിൻ കീഴിൽ 30,000 വീടുകൾ നിർമ്മിക്കുന്നതിനായി 90 കോടി രൂപ സംസ്ഥാന സഹകരണബാങ്ക് വഴി വായ്പയായി ജില്ലാ പഞ്ചായത്ത് സ്വരൂപിക്കുകയും ഈ വായ്പ തിരിച്ചടയ്ക്കുന്നതിനായി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ജില്ലാ ട്രഷറിയിൽ 11 വർഷത്തേയ്ക്ക് നിക്ഷേപിക്കുന്ന തുകകൊണ്ട് വായ്പ തുക തിരിച്ചടയ്ക്കുവാൻ കഴിയും. വായ്പാപലിശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർഷന്തോറും അവയുടെ പദ്ധതിവിഹിതത്തിൽനിന്നും തിരിച്ചടയ്ക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം സന്നദ്ധസേവനം എന്നിവയുടെ 17.24 കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 37,500 രൂപ നിർമ്മാണചെലവ് പ്രതീക്ഷിക്കുന്ന ഒരു വീടിനായി പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് 30,000/- രൂപയുടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 35,000/- രൂപയും നൽകും.

(ഡി) വാസയോഗ്യമായ സ്വന്തം വീടില്ലാത്തവരും, ഗ്രാമങ്ങളിൽ കുറഞ്ഞത് 2 സെന്റും; നഗരപ്രദേശങ്ങളിൽ 1½ സെന്റ് ഭൂമിയെങ്കിലും ഉള്ളവരും; ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ ഗുണഭോക്താക്കളെ ഗ്രാമ/ വാർഡ് സഭകൾ മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

14 (*434) സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി സ്വകാര്യ വ്യവസായ സംരംഭകർക്ക് നൽകുന്ന പദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly